**പതിനാലാം കേരളനിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.3315** **14.03.2018-ൽ മറുപടിയ്ക്ക്**

**കെ.എച്ച്.ആർ.ഡബ്ല്യൂ.എസ് -മായി ബന്ധപ്പെട്ടുള്ള പേ വാർഡ് ബ്ലോക്കുകൾ**

**ചോദ്യം**

**ശ്രീ.ചിറ്റയം ഗോപകുമാർ**

**ഉത്തരം**

**ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**
**(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ കെ.എച്ച്.ആർ.ഡബ്ല്യൂ.എസ് -മായി ബന്ധപ്പെട്ട് പേ വാർഡ് ബ്ലോക്കുകൾ ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | എ) ബി) സി) & ഡി) | വർദ്ധിച്ചുവരുന്ന പേവാർഡുകളുടെ ഉപഭോഗം മുൻ നിർത്തി ജനോപകാരപ്രദമായ രീതിയിൽ ഇൻസ്റ്റിറ്റ്യൂഷണൽ ഫിനാൻസ് ഉപയോഗപ്പെടുത്തി പേവാർഡുകളുടെ നിർമ്മാണം, നടത്തിപ്പ് എന്നിവയ്ക്കായി 1955 ലെ ട്രാവൻകൂർ കൊച്ചിൻ ലിറ്റററി, സയന്റിഫിക് ആന്റ് ചാരിറ്റിബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത് 19.06.1973-ലെ ജി.ഒ(എം.എസ്) നം.146/73/HD ഉത്തരവ് പ്രകാരം കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്. എന്ന സ്ഥാപനം നിലവിൽ വന്നു. പ്രസ്തുത ഉത്തരവ് പ്രകാരം സർക്കാർ ആശുപത്രികളോട് ചേർന്ന് കിടക്കുന്ന സ്ഥലം 18.05.1960 ലെ സർക്കാർ ഉത്തരവിലെ [(എം.എസ്) 258/60/ധന] വ്യവസ്ഥകൾക്ക് വിധേയമായി വേർതിരിച്ച് പേവാർഡുകളുടെ നിർമ്മാണത്തിനായി സൊസൈറ്റിക്ക് കൈമാറാൻ നിഷ്കർഷിച്ചിട്ടുണ്ട്. ആയതിൻ പ്രകാരം സർക്കാർ ആശുപത്രികളുടെ ആവശ്യകതയും സ്ഥല ലഭ്യതയും അനുസരിച്ച് പേവാർഡുകൾ (ലാബ്, കാത്ത് ലാബ് തുടങ്ങിയവ ഉൾപ്പെടെ) കെ.എച്ച്.ആർ.ഡബ്ല്യൂ.എസ് നിർമ്മിച്ച് വരുന്നു. 19.06.1973-ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 146/73/HD പ്രകാരം പേവാർഡുകൾ കൈമാറുന്നത് സംബന്ധിച്ച് കാലാവധി സൂചിപ്പിച്ചിട്ടില്ലാത്തതാകുന്നു. |
| ബി) | നിശ്ചിത കാലാവധി സൂചിപ്പിച്ചുകൊണ്ടുള്ള വ്യവസ്ഥ പ്രകാരമാണോ അനുബന്ധ പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | | |
| സി) | എങ്കിൽ കാലാവധി പൂർത്തീകരിച്ചശേഷം ഈ സ്ഥാപനത്തിന്റെ തുടർ പ്രവർത്തനം നടത്തുന്നതിന് ഏതെങ്കിലും തരത്തിലുള്ള നടപടിക്രമങ്ങൾ അനിവാര്യമാണോ; | | |
| ഡി) | കാലാവധി പൂർത്തീകരണത്തിനുശേഷം അനുബന്ധ കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്. പേ വാർഡ് ബ്ലോക്കുകളുടെ ആവശ്യകത ബന്ധപ്പെട്ട ആശുപത്രി വികസനം സാധ്യമാക്കുന്നില്ലായെങ്കിൽ ഈ ആസ്തികൾ തിരിച്ചെടുക്കുന്നതിനുള്ള നടപടി ക്രമങ്ങൾ വിശദമാക്കാമോ? | | |

**സെക്ഷൻ ഓഫീസർ**